# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി12-1381/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി12-1381/21 തീയ്യതി: 06/01/2022

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.സജീവ് എൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി. മെജ്ലി കെ.പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ചന്ദ്രിക | പ്രസിഡന്റ് | 01-04-2019 | 15-11-2019 |
| സ്വേര എ.ആർ(ഇൻ ചാർജ്) | പ്രസിഡന്റ് | 16-11-2019 | 06-12-2019 |
| ഗീത പ്രതാപൻ | പ്രസിഡന്റ് | 07-12-2019 | 31-03-2020 |
| ശ്രീമതി പ്രിൻസി എം.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 25-04-2019 |
| ശ്രീമതി പ്രസന്നകുമാരി | സെക്രട്ടറി | 26-04-2019 | 16-07-2019 |
| ശ്രീമതി സിന്ധു സി.ടി | സെക്രട്ടറി | 17-07-2019 | 06-08-2019 |
| ശ്രീമതി ബീന ജോസഫ് | സെക്രട്ടറി | 07-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആര്യ.കെ.വേണ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 24-07-2019 |
| ശ്രീമതി മേഘന.ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 25-07-2019 | 31-03-2020 |
| ശ്രീമതി സരിത മോഹനൻ | കൃഷി ഓഫിസർ | 01-04-2019 | 31-03-2020 |
| ഡോ വിനോദ് പൗലോസ് | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി | 01-04-2019 | 04-04-2019 |
| ഡോ പ്രീതി | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി | 05-04-2019 | 31-03-2020 |
| ഡോ കെ.എ.സാബു | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ ധന്യ | മെഡിക്കൽ ഓഫിസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ നിഷ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| സിന്ധു.സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ലിനറ്റ് ഫെർണാണ്ടസ് | ഹെഡ് മിസ്ട്രസ്,ഗവ എൽ..പി. സ്കൂൾ | 01-04-2019 | 31-03-2020 |
| ശ്രീമതി കെ.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷൈമ.എം.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നന്ത്യാട്ടുകുന്നം | 01-04-2019 | 24-09-2019 |

| | | | |
|---|---|---|---|
| കുമാരി അമ്മിണികുട്ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നന്ദ്യാട്ടുകുന്നം | 25-09-2019 | 31-03-2020 |
| ശ്രീമതി ടെസി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഏഴിക്കര | 01-04-2019 | 25-09-2019 |
| ശ്രീ സാബിക്ക് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഏഴിക്കര | 26-09-2019 | 31-03-2020 |
| ശ്രീമതി അജിതമോൾ.കെ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.M.Sajeev (Asst. Audit Officer, On 06-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: N.M.Sajeev (Asst. Audit Officer, On 03-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 07-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: N.M.Sajeev (Asst. Audit Officer, On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 02-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 12-10-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Mercy KP (Auditor, On 07-10-2021)<br>Last Updated By: Mercy KP (Auditor, On 07-10-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 02-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 12-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 02-10-2021) | 1-10 |
| 11 | ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 06-10-2021)<br>Last Updated By: Bindu L (Computer Assistant, On 03-01-2022) | 1-11 |
| 12 | ആശ്വാസമേകാത്ത ദുരിതാശ്വാസ നിധി<br>Written By: N.Vijayakumar (Audit Officer (HG), On 06-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 06-10-2021) | 1-12 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 10-10-2021) | 1-13 |
| 14 | പിരിവ് തുക മുഴുവനായും ഒടുക്ക് വരുത്തിയിട്ടില്ല.<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-14 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-15 |
| 16 | ലൈസൻസ് - അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-16 |
| 17 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച്. | 1-17 |

| | | |
|---|---|---|
| | Written By: N.Vijayakumar (Audit Officer (HG), On 06-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 10-10-2021) | |
| 18 | തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ - സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 10-10-2021) | 1-18 |
| 19 | ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 06-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 10-10-2021) | 1-19 |
| 20 | കുടിവെള്ളകരം ഭീമമായ തുക കുടിശ്ശികയായി നിലനിൽക്കുന്നു<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-20 |
| 21 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Mercy KP (Auditor, On 09-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 10-10-2021) | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-22 |
| 23 | കൃഷി ഓഫീസർ പദ്ധതി ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Mercy KP (Auditor, On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-23 |
| 24 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-24 |
| 25 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 12-10-2021) | 1-25 |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-26 |
| 27 | നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-27 |
| 28 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-28 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതൾ<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-29 |

| | | |
|---|---|---|
| 30 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി./സി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 15-11-2021) | 1-30 |
| 31 | ലാപ്ടോപ് വാങ്ങൽ-അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-31 |
| 32 | സേവന പെൻഷൻ വിതരണം - വിവധയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് കൈമാറ്റം ചെയ്യപ്പെടാത്ത തുകകൾ<br>Written By: Mercy KP (Auditor, On 06-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-32 |
| 33 | അനുപൂരക പോഷകാഹാര പദ്ധതി - ജി.എസ്.ടി.ക്രമവിരുദ്ധമായി നൽകിയത് സംബന്ധിച്ച്<br>Written By: Mercy KP (Auditor, On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-33 |
| 34 | ബഡ്സ് സ്കൂളിന്റെ ഡോക്കുമെന്റ് നഷ്ടപ്പെട്ടു - തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Mercy KP (Auditor, On 10-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 22-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 02-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 22.02.2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 10,00,465.50 | 95,95,898.70 | (+)8595433.20 |
| വരവ് | 15,34,93,452 | 3,45,48,590 | (-)11,89,44,862 |
| ആകെ | 15,44,93,917.5 | 4,41,44,488.70 | (-)110349428.8 |
| ചെലവ് | 15,35,59,887 | 3,66,82,931 | (-)11,68,76,956 |
| നീക്കിയിരുപ്പ് | 9,34,030.50 | 74,61,557.70 | (+)65,27,527.20 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 11.89 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 11.68 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 77% -ൽ കുറവാണ് വാർഷികധനകാര്യപ്പത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെ 23.88% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി-നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2019-20 പുതുക്കിയ ബജറ്റ് പ്രകാരം | 2019-20വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 8,00,000 | 5,47,980 | 2,52,020 |
| വസ്തു നികുതി | 20,00,000 | 14,14,283 | 5,85,717 |
| ഡി & ഒ ലൈസൻസ് | 1,50,000 | 35,400 | 1,14,600 |
| വാടക | 50,000 | - | 50000 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020. | 16.06.2020 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഇ-ടെണ്ടർ ഫോറ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, അസി.എഞ്ചിനിയറുടെ അക്കൗണ്ട് എന്നിവിടങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ

വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9595898.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 34548590 |
| ആകെ | 44144488.70 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36682931 |
| നീക്കിയിരിപ്പ് | 7461557.70 |
| വരവിനങ്ങളിലുള്ള നഷ്ടം | 3559 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84773 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3651152 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | | 11793573 | 11793573 | 7080317 | 4713256 |
| വികസന ഫണ്ട്-എസ്.സി.പി | | | 11058765 | 11058765 | 1434142 | 9624623 |
| വികസന ഫണ്ട്-ടി.എസ്.പി | | | 122000 | 122000 | 104764 | 17236 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | | 7303800 | 7303800 | 3661461 | 3642339 |
| മെയിന്റനൻസ് ഫണ്ട് റോഡ് | | | 6044000 | 6044000 | 299464 | 5744536 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | | 3251000 | 3251000 | 1235691 | 2015309 |
| സാക്ഷരത | | 1221 | -- | 1221 | -- | 1221 |
| സാനിട്ടേഷൻ | | 622951 | 10241 | 633192 | 234021 | 399171 |
| അങ്കണവാടി പൂരക പോഷകാഹാരം | | 993315 | 509915 | 1503230 | 800000 | 703230 |
| കേരളോത്സവം | | 787 | 20000 | 20787 | 20000 | 787 |
| തൊഴിലുറപ്പ് പദ്ധതി | | 172791 | 19852940 | 20025731 | 19997589 | 28142 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് | 51887 | 1854024 | 1905911 | 1704024 | 201887 |
| | ജില്ലാ പഞ്ചായത്ത് | 2710788 | 975344 | 3686132 | 1642214 | 2043918 |
| എസ്.എസ്.എ | | 4733 | 164 | 4897 | -- | 4897 |
| ശുചിത്വമിഷൻ | | 1390700 | 15982 | 1406682 | 140000 | 1266682 |
| ജനകീയ ഭവനം | | 105147 | 3622 | 108769 | -- | 108769 |
| ബഡ്സ് സ്കൂൾ | | 137275 | 145195 | 282470 | 256148 | 26322 |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 23,76,427/- രൂപ ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 187 | 79946638 | 158 | 28647235 | 72 | 86 | 29 | 45.98% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതി

നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഫണ്ട് വിനിയോഗം - സംക്ഷിപ്തം

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 172791 | 777989 | 950780 | 922638 | 28142 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 19074951 | 19074951 | 19074951 | -- |
| ആകെ | 172791 | 19852940 | 20025731 | 19997589 | 28142 |

2.രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 171 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2359 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 947 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 947 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 58103 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 307 |

3.ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 269 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 269 |
| തൻവർഷം പൂർത്തിയാക്കിയത് | 256 |
| സ്പിൽ ഓവറായത് | 13 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | -- |

4. പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം

| ക്രമ നം. | ഇന വിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 46 | 6257771 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 3 | 715909 |
| 3 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 64 | 5777881 |
| 4 | റോഡ് നിർമ്മാണം | 11 | 2544394 |
| 5 | വ്യക്തിഗത ആസ്തികൾ | 127 | 3277834 |
| 6 | വനവത്കരണം | 4 | 436566 |
| 7 | ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം | 1 | 64596 |
| | ആകെ | 256 | 19074951 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 16200 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 2185200 | 756 |
| വിധവാപെൻഷൻ | 3795600 | 1317 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 7212000 | 2794 |
| വികലാംഗപെൻഷൻ | 1315500 | 439 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 410400 | 139 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2997/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ കുടിശ്ശികയായി കാണുന്നു. ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനും, കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാനും സമയോചിതമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല. .

6.സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.

7.പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2019 | 11/2019 | 3.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.10.2016 | 2011-12 മുതൽ 2015-16 വരെ | 22.04.2017 |

## 1-11 ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും

ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് 14 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ആഗസ്റ്റ് | 1.2019-20 വാർഷിക പദ്ധതി - ഗുണഭോക്തൃലിസ്റ്റ് അംഗീകാരം. |
| 2 | 2020 ഫെബ്രുവരി | 1.2019-20 വാർഷിക പദ്ധതി അവലോകനം<br>2.2020-21 വാർഷിക പദ്ധതി രൂപീകരണം<br>3. പി.എം.എ,വൈ ലിസ്റ്റ് അംഗീകാരം.<br>4. എം.ജി.എൻ.ആർ.ഇ.ജി.എസ് 2020-21- ആക്ഷൻ പ്ലാൻ, ഷെൽഫ് ഓഫ് പ്രോജക്റ്റ് അംഗീകാരം |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ആശ്വാസമേകാത്ത ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഏഴിക്കര ഗ്രാമ പഞ്ചായത്തിൽ കാനറ ബാങ്കിന്റെ ഏഴിക്കര ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും വർഷങ്ങളായി ടി അക്കൗണ്ടിൽ വരവ് ചെലവുകളില്ല. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകളില്ല. ഹാജരാക്കിയ പാസ്സ് ബുക്ക് പ്രകാരം 31.10.2019 ൽ ടി അക്കൗണ്ടിൽ 4219/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. എന്നാൽ 2019-20 വാർഷിക കണക്ക് RP 40(b) പ്രകാരം ടി അക്കൗണ്ടിൽ നീക്കിയിരുപ്പില്ല. പ്രസ്തുത അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തുക 8.7.20 ൽ സാനിട്ടേഷൻ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/24.9.21) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

*മാനുവൽ രസീത്*

1. രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും തീയതിയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. പിരിവ് രജിസ്റ്ററുകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം പരിശോധിക്കേണ്ടതാണ്.

രസീതുകൾ വളരെ ശ്രദ്ധയോടും കാര്യഗൗരവത്തോടും ഉത്തരവാദിത്വത്തോടും കൂടി കൈകാര്യം ചെയ്യേണ്ടതാകയാൽ മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയുടെയും മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

സാംഖ്യ രസീതുകൾ

1. സ്റ്റോക്കിലെടുത്ത സാംഖ്യ രസീതുകൾ അടുക്കും ചിട്ടയോടും കൂടിയും, രസീത് സ്റ്റോക്ക് രജിസ്റ്റർ കാലികമായും സൂക്ഷിക്കുന്നുണ്ട്.

## 1-14 പിരിവ് തുക മുഴുവനായും ഒടുക്ക് വരുത്തിയിട്ടില്ല.

1. ഓഫീസ് എന്ന പേരിൽ തീയതി രേഖപ്പെടുത്താതെ ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്ക് നം.54564 -ൽ രസീത് നം. 6 പ്രകാരം തൊഴിൽ നികുതിയിനത്തിൽ 24.09.2019-ൽ പിരിച്ചെടുത്തിരിക്കുന്ന 3510/- രൂപ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരിക്കുന്നതായി കാണുന്നുമില്ല.

2. ലൂല്യ ജോസഫ്, എന്ന പേരിൽ ഉദ്യോഗപ്പേരോ, തീയതിയോ രേഖപ്പെടുത്താതെ ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്ക് നം.54562 -ൽ രസീത് നം. 72 പ്രകാരം 28/- രൂപയും രസീത്. നം. 73പ്രകാരം 21/- രൂപയും 6.11.2019 -ൽ പിരിച്ചെടുത്തിരിക്കുന്നതായി കാണുന്നു. എന്നാൽ പിരിവ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞിരിക്കുന്നതിനോടനുബന്ധിച്ച് എൻക്വയറി (നം.5) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറവ് അടവാക്കിയിരിക്കുന്ന ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി അപാകതകൾ

1) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും കമ്പനികളുടേയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്വയംഭരണസ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ അനുസരിച്ച്, ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കേണ്ടതാണെന്നും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയുംമേൽ നികുതി ചുമത്തേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ നികുതി അടവാക്കിയിരിക്കുന്നവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ മാത്രമാണ് ഇവിടെ സൂക്ഷിച്ചു വരുന്നത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ, എന്നിവ സൂക്ഷിക്കുന്നില്ല. ഈ അപാകതകൾ പരിഹരിക്കണമെന്ന് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് നമ്പർ, അടവാക്കിയ തുക, ഡി.സി.ബി. എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പോലും രേഖപ്പെടുത്താതെ വീണ്ടും അപാകതകൾ തുടരുന്നു. തന്മൂലം തൊഴിൽനികുതിയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ നിയമാനുസൃതം തയ്യാറാക്കി അടുത്ത സാമ്പത്തിക വർഷത്തെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

2) താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 2019-20സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

| പേര്/സ്ഥാപനം | 2019-20 ശമ്പളം(രൂ.)/ രസീത് നം. / തീയതി | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് (രൂ.) | ഈടാക്കിയത് (രൂ.) | കുറവ് (ഈടാക്കിയതിൽ) (രൂ.) |
| 1. കൃഷ്ണൻകുട്ടി വി.കെ., പാർട്ട് ടൈം സ്വീപ്പർ, സാമൂഹികആരോഗ്യകേന്ദ്രം, ഏഴിക്കര. | 102590/- 119030100943/26.08.2019 ഒന്നാം അർദ്ധവർഷം | 1000 | 750 | 250 |

## 1-16 ലൈസൻസ് - അപാകതകൾ

1996 ലെ പഞ്ചായത്ത്രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 31.10.2017-ൽ ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുപ്രകാരം, സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളായി തരംതിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിരിക്കുന്നത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻസിനുള്ള

അപേക്ഷകളിലെല്ലാം വിറ്റുവരവിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. GO(P)നം.80/2017/Lsgd തീയതി.31.10.2017 അനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-17 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച്.

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. ടി ഇനത്തിൽ വന്നിട്ടുള്ള വരവിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ്ജ് തുക ഈടാക്കിയിട്ടില്ലാത്തതായും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-18 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ - സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പാടില്ലെന്നും, തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പഞ്ചായത്തിലെ തനത് വരുമാനം താഴെ പറയുന്ന ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു.

1.ബാങ്ക് ഓഫ് ഇന്ത്യ (തനത്)

2. ബാങ്ക് ഓഫ് ഇന്ത്യ (കറന്റ് അക്കൗണ്ട്)

3.എസ്.ബി.ഐ (ഇ പേയ്മെന്റ്)

4.ഇ.ഡി.സി.ബി (തനത്)

5.പള്ളിയാക്കൽ എസ്.സി.ബി

അപാകതയ്ക്ക് വിശദീകരണമായി സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ബാങ്ക് ഓഫ് ഇന്ത്യ(കറന്റ് അക്കൗണ്ട്) ക്ലോസ്സ് ചെയ്യുന്നതിനായി കത്ത് നൽകിയിട്ടുള്ളതായും മറ്റു അക്കൗണ്ടുകളിൽ തനത് ഫണ്ടിനു പുറമേ മറ്റിനം ഫണ്ടുകൾ വന്നിട്ടുള്ളതിനാൽ പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിന് വിധേയമായി അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിന്റെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ നോർത്ത് പറവൂർ ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലാണ് 19.11.2019 മുതൽ ഇ- ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് വന്നിട്ടുള്ളത്. അക്കൗണ്ടിൽ നിന്നും തുകകൾ പിൻവലിച്ചിട്ടില്ല. 31.3.20 ലെ നീക്കിയിരുപ്പ് തുക 42956/- രൂപ. അസി.എഞ്ചിനിയർ ക്യാഷ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. 19.11.2019 ന് മുമ്പുള്ള ഇ ടെണ്ടർ ഇനത്തിലെ ടെണ്ടർ ഫീസ് സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/27.9.21 ) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ 19.11.2019നു മുമ്പുള്ള തുകകൾ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലാണ് വരവുള്ളതെന്നും, ടി തുക തിരികെ ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതായും, അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുക കൃത്യമായ കണക്ക് സഹിതം തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കുടിവെള്ളകരം ഭീമമായ തുക കുടിശ്ശികയായി നിലനിൽക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | എസ്030 /കുടിവെള്ളക്കരം കുടിശ്ശിക അടക്കൽ |
| അടങ്കൽ | 2,78,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| ചെലവ് വിവരം | 1) 2,78,000/-(ബിൽ നമ്പർ/ തീയതി-23/19-20/16.10.2019) |

ഏഴിക്കര ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഭീമമായ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ളതായി കാണുന്നു. വാട്ടർ ബില്ലിലെ അപാകതകൾ താഴെ ചേർക്കുന്നു. ഗ്രാമ പഞ്ചായത്തിൽ 362 ടാപ്പുകളാണ് നിലവിലുള്ളത് .ആയതിന്റെ വെള്ളക്കരം 158375/- രൂപ യാണ് ഡിമാന്റ് ചെയ്തിരിക്കുന്നത് . 2019-20 വർഷം പ്രോജക്ട് തതയ്യാറാക്കി മേൽ തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ആഗസ്റ്റ് 2019ലെ വാട്ടർ ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഓപ്പണിംഗ് ബാലൻസ് | 2,85,69,878 |
| ഫൈൻ | 5,60,376 |
| ഡിമാന്റ് | 1,58,375 |
| ആകെ | 2,92,88,629 |

ഗ്രാമ പഞ്ചായത്തിൽ ഭീമമായ തുകയാണ് വെള്ളക്കരം ഇനത്തിൽ കുടിശ്ശികയുള്ളത്. 09/2004 ലെ ഇൻവോയിസ് നമ്പർ 1656 തീയതി 31.03.2004 വരെ അടവാക്കേണ്ട കുടിശ്ശിക തുക 3226698/-രൂപയും 4/2004 ലെ വെള്ളകരം 42438/-രൂപയും ചേർന്ന തുകയുടെ 2 ശതമാനം പിഴ തുക കാണിച്ചിരിക്കുന്നത് 2843596/-രൂപയാണ് . ബില്ലിൽ തെറ്റായിട്ടാണ് മേൽ പിഴ തുക രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് നാളിത് വരെ വാട്ടർ അതോറിട്ടി തിരുത്തുകയോ കുടിശ്ശികയിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് ഫണ്ട് തീരെ കുറവുള്ള ഗ്രാമപഞ്ചായത്തിന് വെള്ളകരം ഇത്രയും ഭീമമായ തുക കുടിശ്ശികയായി കിടക്കുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആയത് സംബന്ധിച്ച് സർക്കാറിന്റെ ശ്രദ്ധയിൽ പ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-21 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2019-20 വർഷത്തിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ താഴെപ്പറയുന്ന തുകയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ, ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| തീയതി | വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|---|
| 14.06.2019 | 21900186 | 045534/15.06.2019 | 137000/- |

ചെലവ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2019-2020 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കിന് തുക അനുവദിച്ചതിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക നൽകിയ സ്ഥാപനം | അടങ്കൽ | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 161/20സ്ട്രീറ്റ് ലൈൻ വലിക്കൽ | സെക്രട്ടറി | KSEB | 6,00,000 | 596620 | 14/19-20 /05.09.2019 |
| 2 | 185/20പൊതു ടാപ്പ് കട്ട് ചെയ്യൽ | സെക്രട്ടറി | KWA | 178800 | 153000 | 1)78000 28/19-20 /20.12.2019 2)44000/- 31/19-20 /18.01.2020 3)31000/-4 /19-20 /22.02.20 |
| 3 | 204അങ്കണവാടി വാട്ടർ കണക്ഷൻ | സെക്രട്ടറി | KWA | 29000 | 29000 | 36/19-20 /22.02.2020 |
| 4 | 17/20പട്ടികജാതി ശ്മശാനത്തിലേക്ക് പൈപ്പ് ലൈൻ വലിക്കൽ | അസി. സെക്രട്ടറി | KWA | 189974 | 172000 | 27/19-20 /26.02.2020 |

മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 കൃഷി ഓഫീസർ പദ്ധതി ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പദ്ധതി ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് 23.09.21 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും ഗ്രാമപഞ്ചായത്തിലെ കൃഷിഓഫീസർ 2019-20 ലെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് വർഷം 7 പദ്ധതികൾക്കായി 3260652/- രൂപയാണ് കൃഷി ഓഫീസർ ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത ചെലവ് രേഖകൾ എത്രയും വേഗം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ഓഡിറ്റിൽ തിട്ടപ്പെടുത്തുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഓഡിറ്റ്എൻക്വയറി നം. 8 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
ചെലവ് തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ചെലവ് |
|---|---|---|
| 1 | 25/19-20 / നെൽവിത്ത് സബ്സിഡി | 618705 |
| 2 | 32/19-20 /പൊക്കാളി കൃഷിക്ക് കൂലിച്ചെലവ് | 2260344 |
| 3 | 45/19-20 /പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 70000 |
| 4 | 139/19-20 കേരകൃഷി വികസനം S O | 76603 |
| 5 | 140/19-20 /ഇടവിള കൃഷി *S O* | 100000 |
| 6 | 141/19-20 / ഏത്തവാഴ കൃഷി *S O* | 50000 |
| 7 | 142/19-20 /പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് *S O* | 85000 |
| | ആകെ ചെലവ് | 32,60,652/- |

## 1-24 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | ഗവ.എൽ.പി സ്കൂളുകളുടെ മെയിന്റനൻസ് (106/19) ശ്രീ. സുരേഷ്.ടി.ജി പി.എ.സി - 717778/- പ്രവൃത്തിമൂല്യം - 711797/- ബിൽ നം. 1/6.5.19 – 217283/- 15/21.1.20 – 494514/- | 31.01.2019<br>14.02.2019 | 1.03.2019 | 7178 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ട7178/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19-20/7.10.21) നിർവ്വഹണ ഉദ്യോദസ്ഥയായ അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ ഒടുക്ക വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3)പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ടെണ്ടറിലും, സാങ്കേതികാനുമതി പത്രികയിലും വ്യത്യസ്തമായി രേഖപ്പെടുത്തി കാണുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) കരാറുകാർക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഭൂരിഭാഗം പകർപ്പിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20-21/7.10.21)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം രണ്ട് കരാറുകാരിൽ നിന്നുമാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. (ക്രമ നം. 4 മുതൽ 13 വരെയുള്ള പ്രവൃത്തികൾക്കായുള്ള മെറ്റീരിയൽസ് സപ്ലൈയാക്കായി ശ്രീ.ശ്യാം കെ.ടി ഒരു കരാർ പ്രകാരമാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. കരാർ തുക – 1609188/- രൂപ) എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്), ആദായനികുതി എന്നിവ കുറവ് ചെയ്യാതെ തുക നൽകിയത് മൂലം കരാറുകാർക്ക് അധിക തുക നൽകുവാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | കരാറുകാരന്റെ പേര് | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട ആദായനികുതി (1%) |
|---|---|---|---|---|---|
| 1 | ക്ഷേമോദയം പള്ളിക്കുളം ടൈൽ റോഡ് നിർമ്മാണം (ആർ.സി.306699) | ബിൻസ സജി | 315868 | 6318 | 3159 |
| 2 | വിളക്കിത്തല നോർത്ത് ടൈൽ റോഡ് നിർമ്മാണം (ആർ.സി.306775) | ബിൻസ സജി | 163690 | | 1637 |
| 3 | സ്നേഹതീരം ടൈൽ റോഡ് നിർമ്മാണം (ആർ.സി.306777) | ബിൻസ സജി | 221928 | | 2219 |
| 4 | എടക്കട്ട് റോഡ് കോൺക്രീറ്റിംഗ് (ആർ.സി.306776) | ശ്യാം.കെ.ടി (ഒരു കരാർ പ്രകാരമാണ് എല്ലാ പ്രവൃത്തികളും ഏറ്റെടുത്തി ട്ടുള്ളത്.) | 201372 | | |
| 5 | വലിയപറമ്പ് കീറ്റോടത്ത് റോഡ് നിർമ്മാണം കോൺക്രീറ്റിംഗ് (ആർ.സി 306783) | | 358877 | | |
| 6 | ശ്രാമ്പിക്കൽ റോഡ് നിർമ്മാണം കോൺക്രീറ്റിംഗ് (ആർ.സി.306784) | | 152437 | | |
| 7 | തലക്കെട്ട് തെക്കുംതലക്കെട്ട് | | 47890 | | |

| | | | | | |
|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് (ആർ.സി.308740) | | | | |
| 8 | തറേപരമ്പ് ടൈൽ റോഡ് നിർമ്മാണം (ആർ.സി 308744) | | 136224 | | |
| 9 | നെട്ടായില് ടൈൽ റോഡ് നിർമ്മാണം (ആർ.സി 308745) | | 194525 | | |
| 10 | വലിയപറമ്പ് കീറ്റോടത്ത് റോഡ് കാന നിർമ്മാണം (എഫ്.പി.356240) | | 123972 | | |
| 11 | തലക്കെട്ട് തെക്കുംതലക്കെട്ട് റോഡ് നിർമ്മാണം (എഫ്.പി.356706) | | 59005 | | |
| 12 | ചീത്തുക്കാല ഫിഷർമെന്റ് റോഡ് നിർമ്മാണം (എഫ്.പി.356707) | | 298226 | | |
| 13 | ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ചുറ്റമതിൽ നിർമ്മാണം (എ്.വി.262834) | | 36660 | | |
| | ആകെ തുക | | 1609188 | 32184 | 16092 |
| | ആകെ | | | 38502 | 23107 |

കരാറുകാർക്ക് അധികമായി നൽകിയ 61609/- രൂപ (38502+23107) തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-27 നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നില്ല.

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ആകെയുള്ള പ്രവൃത്തികളിൽ 10 എണ്ണം കരാർ പ്രകാരം ഏറ്റെടുത്തത് ശ്രീ.ശ്യാം.കെ.ടി എന്ന കരാറുകാരനാണ്. പ്രസ്തുത പ്രവൃത്തികളുടെ ആകെ കരാർ തുക 1858532/- രൂപയാണ്. 2018 ലെ ഫിനാൻസ് ആക്റ്റ് (4(a) (F)) പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പറിലാണ് കരാർ ചമയ്ക്കേണ്ടത്. ആയത് പ്രകാരം 1900/-രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് കരാർ ചമയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ 200/- രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് കരാർ ചമച്ചിട്ടുള്ളത്. കുറവ് വന്ന തുക 1700/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-28 എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). കൂടാതെ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവ് ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലെ താഴെ പറയുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യനിർണ്ണയിക്കുക വഴി 21,464/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. ടി തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-29 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതൾ

ഗ്രാമ പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു .

സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 7.33 (iii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പല പ്രവൃത്തികൾക്കും ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

2.2018 ലെ ഫിനാൻസ് ആക്റ്റ് പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ കരാർ ചമയ്ക്കുന്നതിന് ഉപയോഗിക്കണം. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിലെ പല പ്രവൃത്തികൾക്കും മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടില്ല.

3.ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5.പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ തുക നൽകിയതുമായി ബന്ധപ്പെട്ട (FTO Report) വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

6.കരാറുകാർക്ക് നൽകുന്ന ബിൽ തുകയിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കുന്നില്ല.

7. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI) രേഖപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം (Annex.V) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

10.കയർ ഭൂവസ്ത്ര നിർമ്മാണം - കയർമാറ്റ് വാങ്ങിയതിന്റെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല.

കയർ ഭൂവസ്ത്ര നിർമ്മാണത്തിനായി കേരള സംസ്ഥാന കയർ കോർപ്പറേഷനിൽ നിന്നാണ് കയർമാറ്റ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ക്യാഷ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇൻവോയ്സിന്റെ പകർപ്പാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20-21/6.10.21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി./സി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്റ്റ് - അപാകതകൾ

പ്രോജക്റ്റ് നം. : എസ്.ഒ. 10/21

പ്രോജക്റ്റിന്റെ പേര് : പാലിയേറ്റീവ് കെയർ

ആകെ അടങ്കൽ : രൂ.575000/- ( സാധാരണവിഹിതം), അടങ്കൽ : രൂ. 375000/-

(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) അടങ്കൽ : രൂ. 200000/-

ആകെ ചെലവ് : രൂ.537480/- ( സാധാരണവിഹിതം), ചെലവ് : രൂ.337480/-

(ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) ചെലവ് : രൂ.200000/-

1. മെഡിക്കൽ ഓഫീസർ, പി .എച്ച്.സി./സി.എച്ച്.സി. 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 95500/- രൂപ (ബിൽ നം. 8/19 തീ.16.10.2019)മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് പി.എച്ച്.സി./സി.എച്ച്.സി. -ൽ ഇതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി, ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ 95500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. ബിൽ നം.12/19പ്രകാരം 16.12.2019 ൽ 8000/- രൂപയും, ബിൽ നം. 15/20പ്രകാരം 13.02.2020-ൽ 150000/- രൂപയും ട്രഷറിയിൽ നിന്നും കൈപ്പറ്റിയിരിക്കുന്നു. ഇവയുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ തുകകളുടെ (രൂ.8000/- & രൂ. 150000/-) ചെലവു രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ അവയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് എൻക്വയറി (നം.15) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-31 ലാപ്ടോപ് വാങ്ങൽ-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | എസ്0 198 /20 വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർലാപ്ടോപ്, യുപിഎസ്, ഫോട്ടോസ്റ്റാറ്റ് കം പ്രിന്റർ വാങ്ങൽ |
| അടങ്കൽ | 80000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| ചെലവ് വിവരം | 1) 53254-(ബിൽ നമ്പർ/തീയതി -12/19-20/30.09.2019) |

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം കേന്ദ്രീകൃത വാങ്ങൽ സംവിധാനത്തിന്റെ പോർട്ടൽ മുഖേന കെൽട്രോണിൽ നിന്ന് ലാപ്ടോപ്, യുപിഎസ് എന്നിവ വാങ്ങിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കാണുന്നു. കെൽട്രോണിൽ നിന്ന് ലെനോവോ കമ്പനിയുടെ ലാപ്ടോപ് വാങ്ങിയതിന്റെ ഫയലിൽ പരിശോധിച്ചതിൽ ലെനോവ കമ്പനിയുടെ പേരിലുള്ള 10.09.2020 തീയതിയിലെ ഇൻവോയിസ് നമ്പർ RV200102004802 പ്രകാരം 32,190/-രൂപയാണ് വില രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെൽട്രോൺ കമ്പനി ഹാജരാക്കിയ ബിൽ പ്രകാരം 33,762/-രൂപയാണ് ഈടാക്കിയിരിക്കുന്നത്. 1572/-(33762-32190) രൂപയുടെ വ്യത്യാസം കാണുന്നു (ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 4/29.09.21 നൽകിയിരുന്നു). എന്നാൽ ലഭ്യമാക്കിയ മറുപടിയിൽ ലാപ്ടോപ് സ്റ്റോക്കിൽ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുക മാത്രമാണ് ചെയ്തത്. കെൽട്രോൺ കമ്പനി ഹാജരാക്കിയ ഇൻവോയിസിൽ അധികം രേഖപ്പെടുത്തിയ 1572/- രൂപയുടെ വിശദാംശം വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം അധികം ഈടാക്കിയതിന് കെൽട്രോണിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 സേവന പെൻഷൻ വിതരണം - വിവധയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് കൈമാറ്റം ചെയ്യപ്പെടാത്ത തുകകൾ

I. 2019-20 മരണറിപ്പോർട്ടുകൾ ആസ്പദമാക്കി സേവന പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട മാസങ്ങൾക്കുശേഷമാണ് പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു. ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

A – കർഷകതൊഴിലാളി പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 749521550240 | ഭാർഗവി | 09.12.2018/ 17.02.2021 | 13600 | 8/2018 To 7/2019 | കൈമാറാൻ സാധിച്ചില്ല |
| 2 | 261912200470 | ചാത്തൻ | 25.12.18/17.02.21 | 9200 | 12/2018 To 7/19 | കൈമാറാൻ സാധിച്ചില്ല |
| | | | | 22800/- | | |

B – വാർധക്യകാല പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/ സസ്പെന്റ് ചെയ്ത തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 559660241153 | വിജയൻ | 06.01.2019 | 9200/- | 12/2018 To7/19 | കൈമാറാൻ സാധിച്ചില്ല |
| 2 | 643989769595 | ഏലമ്മ റാഫേൽ | 10.01.19 / 07.02.21 | 4800 | 12/2018 To 7/19 | കൈമാറാൻ സാധിച്ചില്ല |
| | ആകെ | | | 14000/- | | |

C – വിധവ പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/ സസ്പെൻറ് | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|

| | | | ചെയ്ത തീയതി | | | |
|---|---|---|---|---|---|---|
| 1 | 503927872410 | വള്ളിയമ്മ | 10.01.19/17.02.21 | 9200 | 12/18 To 7/19 | കൈമാറാൻ സാധിച്ചില്ല |
| | | | | | | |

ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

D – കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | Remarks |
|---|---|---|---|---|
| | 218597536116 | നാരായണൻ, Pen ID 2090000757 | 24.11.19 | കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ ആക്ടീവ്ആയി തുടരുന്നു. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ മരണവിവരം ബന്ധപ്പെട്ട വെൽഫെയർ ഫണ്ട് അധികൃതരെ അറിയിക്കേണ്ടതാണ്. |
| | | | | |

E - കൃഷി വകുപ്പ്- കർഷക പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | Remarks |
|---|---|---|---|---|
| 1 | 643989769595 | ഏലമ്മ റാഫേൽ Pen ID 2220132479 | 10.01.19 / 07.02.21 | കൃഷി വകുപ്പ്- കർഷക പെൻഷൻ ആക്ടീവ്ആയി തുടരുന്നു. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ മരണവിവരം ബന്ധപ്പെട്ട വെൽഫെയർ ഫണ്ട് അധികൃതരെ അറിയിക്കേണ്ടതാണ്. |
| | | | | |

II. 2019-20 ലെ സേവന പെൻഷൻ വിതരണം DBT Report പ്രകാരം പരിശോധിച്ചതിൽ , ഡയറക്ട് ടു ഹോം ആയി വിതരണംചെയ്യപ്പെടുന്ന തുകകൾ സ്റ്റാറ്റസ് Failed എന്ന് കാണിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഗുണഭോക്താക്കൾക്ക് കൈമാറാത്ത ഈ തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നും കൈമാറാൻ സാധിക്കാത്തതിൻെറ കാരണം എന്താണെന്നും അറിയിക്കുവാനും ഗുണഭോക്താവിന് അവസാനം വിതരണംചെയ്യപ്പെട്ട തുക, കാലയളവ്, ആവസാനം കൈപ്പറ്റിയ വിവരങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

A – കർഷകതൊഴിലാളി പെൻഷൻ

| ക്രമ നം. | പെൻഷൻ ഐ.ഡി. | പേര് | ബാങ്ക് | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 106260100036 | ജാനകി | ഡയറക്ട് ടു ഹോം ത്രൂ കോ ഓപ്പറേറ്റീവ് ബാങ്ക് | 3600 | May, Jun, July 2019 | Failed |
| 2 | 106260100038 | പെണ്ണമ്മ പി.സി. | " | 3600 | " | " |
| 3 | 106260100058 | മാധവി | " | 3600 | " | " |
| 4 | 106260100068 | ചാത്തൻ കെ.സി. | " | 3600 | " | " |
| 5 | 106260100072 | കുഞ്ഞിപ്പെണ്ണ് | " | 3600 | " | " |
| 6 | 106260100119 | സരസ്വതി ലക്ഷ്മണൻ | Bank Of India | 3600 | " | " |
| 7 | 106260100271 | ഫാത്തിമ ബീവി | Canara Bank | 3600 | " | " |
| B വികലാംഗ പെൻഷൻ | | | | | | |
| 1 | 106260300008 | പ്രജീഷ് കെ.ആർ | Direct To Home By Co-OP Bank | 2400 | Jun, July 2019 | Failed |
| 2 | 106260400113 | വള്ളിക്കുട്ടി | Bank Of India | 3600 | May, Jun, July 2019 | Failed |

III. 09.10.2020 ലെ DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻെറ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269,

IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണംനടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-33 അനുപൂരക പോഷകാഹാര പദ്ധതി - ജി.എസ്.ടി.ക്രമവിരുദ്ധമായി നൽകിയത് സംബന്ധിച്ച്

2019-20 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ചൂർണ്ണിക്കര അമൃതം ഫുഡ് സപ്ലിമെൻ്റ് യൂണിറ്റാണ് (Common Facility Centre Choornikkara). കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

Proj No. 19/19-20

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | ബിൽ തുക | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 574/28.02.19 | 32948 | 1568 | 2/19-20 /18.07.19 |
| 2 | 13/ 29.06.19 | 45288 | 2156 | |
| 3 | 580/02.04.19 | 49314 | 2348 | |
| | ആകെ | | 6072 | |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി നമ്പർ 5 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വനിത ശിശു വികസന ഡയറക്ടറുടെ 18.08.2021 ലെ ICDS B3/13220/21 നമ്പർ കത്തിൻെറ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ അമൃതം ന്യൂട്രിമിക്സ് വിതരണത്തിൽ ജി.എസ്.ടി ഒഴിവാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നും കേന്ദ്രസർക്കാരിൽ നിന്ന് ഒരു സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ സ.ഉ.(സാധാ) നം. 1450/2018/ത.സ്വ.ഭ.വ. തീയതി 25.05.2018 പാലിക്കേണ്ടതാണെന്നും രേഖപ്പെടുത്തി കാണുന്നു. ടി വിഷയത്തിലെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ബഡ്സ് സ്കൂളിന്റെ ഡോക്കുമെന്റ് നഷ്ടപ്പെട്ടു - തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല

2019-20 വർഷത്തെ ബിൽ രജിസ്റ്റർ പ്രകാരം 14.02.20 ലെ വൗച്ചർ നമ്പർ 21900856 പ്രകാരം Missing Of Document Of Buds Special School എന്ന ഇനത്തിൽ 2875/- രൂപ ചെക്ക് നമ്പർ 054425/14.02.2020 വഴി പത്ര പരസ്യത്തിനായി

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട പത്ര പരസ്യത്തിൽ ( ദേശാഭിമാനി 04.02.2019 ) പറഞ്ഞിരിക്കുന്നത് പറവൂർ താലൂക്ക്, ഏഴിക്കര വില്ലേജ്, ഏഴിക്കര ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഏഴിക്കര ഗവ. എൽ. പി. സ്കൂളിന്റെ 56/1, 56/2 സർവേ നമ്പറിൽപെട്ട 94 സെന്റ് സ്ഥലത്തിന്റെ ആധാരം നഷ്ടപ്പെട്ടിട്ടുള്ളത് സംബന്ധിച്ചാണ്.

ഇത് സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 9 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ബിൽ രജിസ്റ്റർ പ്രകാരം ബഡ്സ് സ്കൂളിൻെറ ഡോക്കുമെൻറ് നഷ്ടപ്പെട്ടതായി രേഖപ്പെടുത്തുകയും പത്ര പരസ്യത്തിൽ ഏഴിക്കര ഗവ. എൽ. പി. സ്കൂളിൻെറ ആധാരം എന്ന് പറയുകയും ചെയ്തിരിക്കുന്നു.

2. മേൽ ആധാരത്തിന്റെ കസ്റ്റോഡിയൻ ആരാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

3. ആധാരം നഷ്ടപ്പെട്ടത് എന്നാണ്, ഇതുമായി ബന്ധപ്പെട്ട് പോലീസ് കേസ് ഫയൽ ചെയ്തിട്ടുണ്ടോ?

4. പത്രപരസ്യം നൽകിയതിനു ശേഷമുള്ള പുരോഗതി വിവരങ്ങൾ

5. ഇതു സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരങ്ങൾ.

6. പത്ര പരസ്യം വന്നതിന് ഒരു വർഷത്തിനു ശേഷം പേയ്മെൻറ് നടത്തുന്നതിനുള്ള കാരണം.
മേൽ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളു. (Specification : 1- 27-2-3). കൂടാതെ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ എംജിഎൻആർഇജിഎസ് പദ്ധതിയിലെ താഴെ പറയുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യനിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സപ്ളൈ ചെയ്ത ഇനം/ അളവ് $M^3$ | അനുവദിച്ച തുക /നിരക്ക് | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | സ്രാമ്പിക്കൽ റോഡ് നിർമ്മാണം കോൺക്രീറ്റിംഗ് (ശ്യാം.കെ.ടി) | ക്വാറി മക്ക്- 17.20 $M^3$ | 17200 (1000/$m^3$) | 15.91 | 15910 | 1290 | RC/306784 FTO-704029/ 31.3.20 MB. 238/19-20 |
| | | 40mm മെറ്റൽ - 13.416 $M^3$ | 19453 (1450/$m^3$) | 12.41 | 17995 | 1458 | |
| 2 | എടയ്ക്കാട്ട് റോഡ് കോൺക്രീറ്റിംഗ് (ശ്യാം.കെ.ടി) | ക്വാറി മക്ക്- 22.83 $M^3$ | 22830 (1000/$m^3$) | 21.118 | 21118 | 1712 | RC/306776 FTO-/ MB. 237/19-20 |
| | | 40mm മെറ്റൽ - 17.807 $M^3$ | 25820 (1450/$m^3$) | 16.471 | 23883 | 1937 | |
| 3 | ക്ഷേമോദയം പള്ളിക്കുളം ടൈൽ റോഡ് നിർമ്മാണം (ബിൻസ സജി) | ക്വാറി മക്ക്- 31.80$m^3$ | 31800 (1000/$m^3$) | 29.415 | 29415 | 2385 | RC/306699 FTO-292087/ 17.9.20 MB. 74/20-21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ചീതക്കുളം ഫിഷർമെന്റ് റോഡ് കാന നിർമ്മാണം (ശ്യാം.കെ.ടി) | 40mm മെറ്റൽ - 26 M3 | 37700 (1450/$m^3$) | 24.05 | 34873 | 2827 | FP/356707 FTO-162405/ 10.7.20 MB. 45/20-21 |
| 5 | നെട്ടായിൽ ടൈൽ റോഡ് നിർമ്മാണം (ശ്യാം.കെ.ടി) | ക്വാറി മക്ക്- 20.01$m^3$ | 20010 (1000/$m^3$) | 18.51 | 18510 | 1500 | RC/308745 FTO-387149/ 22.10.20 MB.233/20-21 |
| 6 | സ്നേഹതീരം ടൈൽ റോഡ് നിർമ്മാണം (ബിൻസ സജി) | ക്വാറി മക്ക്- 23.216$m^3$ | 23216 (1000/$m^3$) | 21.475 | 21475 | 1741 | RC/306777 FTO-292094/ 17.9.20 MB. 120/20-21 |
| 7 | വലിയപറമ്പ് കീറ്റോടത്ത് റോഡ് നിർമ്മാണം കോൺക്രീറ്റിംഗ് (ശ്യാം.കെ.ടി) | ക്വാറി മക്ക്- 41.38 $M^3$ | 41380 (1000/$m^3$) | 38.276 | 38276 | 3104 | RC/306783 FTO-66901/ 26.05.20 MB. 240/19-20 |
| | | 40mm മെറ്റൽ - 32.276 $M^3$ | 46800 (1450/$m^3$) | 29.855 | 43290 | 3510 | |
| | ആകെ | | | | | 21464 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/19-20/6.10.21) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1275000 | പൊക്കാളി കൃഷി | 1275000 | -- |
| | | 350000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 150000 |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | |
| | | 29024 | പാൽ സബ്സിഡി | 29024 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 975344 | പൊക്കാളി കൃഷി | 975344 | -- |
| | | -- | പാടത്ത്പറമ്പ് റോഡ് | 432545 | മുൻവർഷ നീക്കിയിരുപ്പിൽ നിന്നുള്ള ചെലവ് |
| | | -- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 234325 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 14/5.9.19 | 596620 | -- | 596620 |
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ടാപ് കട്ടിംഗ് ചാർജ്ജ് | 28/20.12.19 | 78000 | -- | 78000 |
| | | 31/18.1.20 | 44000 | -- | 44000 |
| | | 34/22.2.20 | 31000 | -- | 31000 |
| | പൈപ്പ് ലൈൻ | 27/18.1.20 | 172000 | -- | 172000 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | | |
| | അങ്കണവാടി വാട്ടർ കണക്ഷൻ | 36/22.2.20 | 29000 | -- | 29000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,20,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ചവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018 /തസ്വഭവ/ 18.5.18 | 220000 | 9254866 | 632353 | | 8842513 |

.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 70901/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2(1) | 250 | മറിയം ബീവി. എം.എൻ | 119030100207/4.5.19 |
| 2017-18 | 3-2 | 11381 | അസി.എഞ്ചിനിയർ | 119030102461/6.1.20 |
| 2007-08 | 2-1 | 14608 | സജീവ് ലാൽ | 26.11.19 |
| 2007-08 | 2-2 | 38017 | സജീവ് ലാൽ | 26.11.19 |
| 2018-19 | ഓഡിറ്റ് എൻക്വയറി | 3750 | ബഡ്സ് സ്കൂൾ ടീച്ചേഴ്സ് | 119030102702/30.1.20 |
| | | 2808 | ഒ.പി.ബിജു, കരാറുകാരൻ | 119030102704/30.1.20 |
| | | 87 | ലല്ലു ജോസഫ് | 119030102700/2.1.20 |
| | ആകെ | 70901 | | |

ഓഡിറ്റ് റിക്കവറി വരവ് വിവരം പ്രയർ പീരിയേഡ് ഇനത്തിൽ (RP26) രേഖപ്പെടുത്തിയിട്ടുണ്ട്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34548590 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36682931 |
| വരവിനങ്ങളിലുള്ള നഷ്ടം | 3559 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84773 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3651152 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 21464 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) |
| ആകെ | | 21464 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 137000 | ശ്രീമതി.പ്രസന്നകുമാരി, സെക്രട്ടറി |
| 1-23 | 3260652 | ശ്രീമതി.സരിത മോഹൻ, കൃഷി ഓഫീസർ |
| 1-30 | 253500 | ഡോ.പ്രീതി, മെഡി.ഓഫീസർ, സി.എച്ച്.സി, ഏഴിക്കര |
| ആകെ | 3651152 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 61609 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) |
| 1-27 | 1700 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) |
| ആകെ | 63309 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി.പ്രസന്നകുമാരി, സെക്രട്ടറി | - | ഗോപാലകൃഷ്ണ മന്ദിരം, വയലാർ ഈസ്റ്റ്, വയലാർ.പി.ഒ 688536 |
| 2 | ശ്രീമതി.സരിത മോഹൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഏഴിക്കര | കൃഷ് നഗരി ഹൗസ്, കൊച്ചാം റോഡ്, മന്നം |
| 3 | ഡോ.പ്രീതി, മെഡി.ഓഫീസർ, സി.എച്ച്.സി, ഏഴിക്കര | മെഡി.ഓഫീസർ, സി.എച്ച്.സി, ഏഴിക്കര | സുദിനം അപ്പാർട്ട്മെന്റ്സ്, സ്റ്റാർ വാല്യു റോഡ്, മാവേലിപുരം, കാക്കനാട്, 682030 |
| 4 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എംജിഎൻആർഇജിഎസ്) | അസി.എഞ്ചിനിയർ (എംജിഎൻആർഇജിഎസ്) ഏഴിക്കര | ആലുങ്കൽ ഹൗസ്, പെരുമ്പടന്ന, നോർത്ത് പറവൂർ, എറണാകുളം, 683513 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളൂ. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൽ.എഫ്.ഇ (പി2)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |

| | |
|---|---|
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.07.09.09 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14&<br>2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016,<br>തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017,<br>തീയതി 14.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.12)140/2020<br>തീയതി 3.3.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്